(സി) അടൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ ;

(ഡി) അടൂർ ഫയർ സ്റ്റേഷന് സ്വന്തം കെട്ടിടം പണിയുന്നതിന് നിലവിൽ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിലേക്കായി അടൂർ താലൂക്കിൽ, അടൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 8 -ൽ റീ-സർവ്വേ നമ്പർ 227, 228, 235, 236 (ബി 8) എന്നിവയിൽ ഉൾപ്പെട്ട ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 80.71 ആർ സ്ഥലം സ.ഉ.(കൈ.) നമ്പർ 143/13/റവന്യൂ തീയതി 15-4-2013 പ്രകാരം ഉപയോഗാനുമതി നൽകി ഉത്തരവായിട്ടുള്ളതും സ്ഥലം വകുപ്പ് ഏറ്റെടുത്തിട്ടുള്ളതുമാണ്.

(സി) സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ തടസ്സങ്ങളൊന്നുമില്ല. കെട്ടിട നിർമ്മാണത്തിനായി വസ്തു അടൂർ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

കുട്ടനാട് നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ നിർമ്മാണം

216 (6366) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ;

(ബി) റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഭൂമി ഭൂരഹിത കേരളം പദ്ധതിക്കായി നൽകിയിട്ടുള്ളതിനാൽ 50 സെന്റ് സ്ഥലം ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കുട്ടനാട്ടിൽ ലഭ്യമല്ല എന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കീഴിലുള്ള 30 സെന്റ് കരഭൂമി വിട്ടുനൽകുകയാണെങ്കിൽ കുട്ടനാട്ടിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) കേന്ദ്ര സർക്കാർ ഫണ്ടുപയോഗിച്ച് സംസ്ഥാനത്ത് 14 ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്ന പ്രകാരം ആലപ്പുഴ ജില്ലയിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ ഉൾപ്പട്ട മങ്കൊമ്പ് പരിഗണിക്കപ്പെട്ടു. എന്നാൽ അനുയോജ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ ആയത് ഒഴിവാക്കുകയാണുണ്ടായത്.

(സി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 40 സെന്റ് മുതൽ 1 ഏക്കർ വരെ സ്ഥലം ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിക ഫയർ സ്റ്റേഷൻ

217 (6367) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടികയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നാട്ടിക വില്ലേജിൽ റവന്യൂ വകുപ്പ് വിട്ടുനൽകിയ ഭൂമി ഫയർ & റെസ്ക്യൂ വകുപ്പ് ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഫയർ & റെസ്ക്യൂ വകുപ്പ് ഭൂമി ഏറ്റെടുക്കൽ നടപടി എത്രയും വേഗം പൂർത്തിയാക്കി എൽ.എ.സി.എ.ഡി.എഫ്.-ൽ നിന്നനുവദിച്ച തുക വിനിയോഗിച്ച് ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) നാട്ടിക ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 395/13/റവ. തീയതി 13-9-2013 പ്രകാരം ചാവക്കാട് താലൂക്കിൽ നാട്ടിക വില്ലേജിൽ സർവ്വേ നമ്പർ 321/3-ൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം കൈമാറി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

(സി) കെട്ടിട നിർമ്മാണത്തിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

നാദാപുരം ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ വാഹനങ്ങളുടെ ദൗർലഭ്യം

218 (6368) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ നാദാപുരം ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ അവശ്യ വാഹനങ്ങളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിലുള്ള വാഹനങ്ങൾ കാലപ്പഴക്കത്താൽ ഉപയോഗിക്കാൻ പറ്റാത്തതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഫയർ സ്റ്റേഷനിലെ വാഹനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly